കേരള സർക്കാർ

നം.8821/എസി2/09/തസ്വഭവ.

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്

തിരുവനന്തപുരം, തീയതി:1.9.2012.

## സർക്കുലർ

വിഷയം:- തസ്വഭവ - ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വസ്തുനിഷ്ഠമായ മറുപടി സമർപ്പിക്കുന്നത് - -സംബന്ധിച്ച്.

സൂചന: - നിയമസഭാസമിതിയുടെ 16.8.12-ലെ യോഗം - സംബന്ധിച്ച്.

കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16.8.12-ൽ യോഗം ചേരുകയും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് പരിശോധന നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ സമർപ്പിക്കപ്പെട്ട മറുപടി വസ്തു നിഷ്ഠമായിരുന്നില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ഇതിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു . മാത്രമല്ല സമയബന്ധിതമായി മറുപടി ലഭ്യമാക്കിയിരുന്നില്ല എന്നും അഭിപ്രായപ്പെട്ടു.

ഈ സാഹചര്യത്തിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തവും, വസ്തു നിഷ്ഠവുമായ മറുപടി സമയബന്ധിതമായി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന് ഇതിനാൽ കർശന നിർദ്ദേശം നല്കുന്നു. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തവും, വസ്തുനിഷ്ഠവുമായ മറുപടി സമയബന്ധിതമായി സമർപ്പിക്കുന്നുണ്ടെന്നുള്ളത് വകുപ്പദ്ധ്യക്ഷൻമാർ ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു

ടി.ജെ.മാത്യു,

സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർമാർക്കും.

എല്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തുകൾക്കും

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.

ഐ ആന്റ് പി.ആർ.ഡി.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.